# നേത്രോന്മീലനം



8M3 MEE/N
CASMTKM BK
368

കെ.ആർ.മീര

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

## കെ.ആർ. മീര

1970–ൽ ശാസ്താംകോട്ടയിൽ ജനിച്ചു.
മാതാപിതാക്കൾ: കെ. എൻ. രാമചന്ദ്രൻപിള്ളയും എ. ജി. അമൃതകുമാരിയും. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ഒന്നാം റാങ്കോടെ, തമിഴ്നാട് ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബിരുദാനന്തര ബിരുദം. 1993 മുതൽ 2006 വരെ മലയാള മനോരമയിൽ. പത്രപ്രവർത്തനത്തിനുള്ള ദീപാലയ, പി.യു.സി.എൽ. എന്നീ ദേശീയതല അവാർഡുകൾ, കേരള പ്രസ്സ് അക്കാദമിയുടെ ചൊവ്വര പരമേശ്വരൻ അവാർഡ്, ബ്രിട്ടീഷ് ചീവ്നിങ് സ്കോളർഷിപ്പിന്റെ ഭാഗമായി ലണ്ടനിൽ മൂന്നുമാസത്തെ പത്രപ്രവർത്തന പരിശീലനം, അങ്കണം സാഹിത്യ അവാർഡ്, യുവഎഴുത്തുകാരികൾക്കുള്ള ലളിതാംബിക അന്തർജ്ജനം പുരസ്കാരം, കേരള സാഹിത്യ അക്കാദമിയുടെ ഗീതാ ഹിരണ്യൻ എൻഡോവ്മെന്റ്, തോപ്പിൽ രവി പുരസ്കാരം, തൃശൂർ കേരളവർമ്മ കഥാപുരസ്കാരം, ഇ. വി. കൃഷ്ണപിള്ള സ്മാരക പുരസ്കാരം, പത്മരാജൻ പുരസ്കാരം, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചു.
'മോഹമഞ്ഞ' എന്ന കഥയുടെ ഇംഗ്ലീഷ് പരിഭാഷ ലണ്ടനിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഫെമിനിസ്റ്റ് റിവ്യൂ ദക്ഷിണേഷ്യൻ സ്ത്രീജീവിതങ്ങളെ ചിത്രീകരിക്കുന്ന മൂന്നു കഥകളിലൊന്നായി തെരഞ്ഞെടുത്തു പ്രസിദ്ധീകരിച്ചു.
കൃതികൾ: ഓർമയുടെ ഞരമ്പ്, മോഹമഞ്ഞ, ആവേ മരിയ, ഗില്ലറ്റിൻ, കെ.ആർ. മീരയുടെ കഥകൾ, മാലാഖയുടെ മറുകുകൾ- കരിനീല, ആ മരത്തെയും മറന്നു മറന്നു ഞാൻ, നേത്രോന്മീലനം, യൂദാസിന്റെ സുവിശേഷം, മീരാസാധു

ഭർത്താവ്: എം.എസ്. ദിലീപ്
മകൾ: ശ്രുതി

വിലാസം:
കെ.ആർ. മീര
കിളിക്കൂട്
ചെല്ലിയൊഴുക്കം
കോട്ടയം-1

# അവതാരിക

### ജെ. ദേവിക

ആൺ-പെൺബന്ധങ്ങളുടെ രാഷ്ട്രീയത്തെ പ്രശ്നവൽക്കരിക്കുന്ന എല്ലാ സാഹിത്യരചനകളെയും 'പെണ്ണെഴുത്ത്' എന്നു വിളിക്കാനാവില്ലെന്ന തിരിച്ചറിവ് വ്യാപകമായിക്കൊണ്ടിരിക്കുന്ന കാലമാണിത്. Ecriture feminine തന്നെയോ പെണ്ണെഴുത്ത് എന്ന ചോദ്യം ഉയർത്തേണ്ട ഒന്നാണെങ്കിലും അതവിടെ നിൽക്കട്ടെ. കേവലമൊരു തെറ്റിദ്ധാരണ എന്നതിലുപരി പെണ്ണെഴുത്തെന്ന സങ്കല്പം രണ്ടുതരം വ്യാവഹാരിക തടസ്സങ്ങൾ സൃഷ്ടിച്ചുവെന്ന് എനിക്കു തോന്നുന്നു. ഒന്ന്, മലയാളസാഹിത്യത്തിൽ 20-ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽക്ക് വികസിക്കാൻ തുടങ്ങിയ 'സ്ത്രീപക്ഷപരിപ്രേക്ഷ്യ'ത്തിന്റെ (feminist Problematic) ചരിത്രത്തെ അത് അദൃശ്യമാക്കി. ഈ പരിപ്രേക്ഷ്യത്തെ നവീകരിക്കാനുള്ള ശ്രമമായിരുന്നു 'പെണ്ണെഴുത്തി' ൽ നടന്നത്. പക്ഷേ ആ ശ്രമത്തെ ആരംഭമുഹൂർത്തമായി കാണാനുള്ള പ്രവണത, സ്ത്രീപക്ഷപരിപ്രേക്ഷ്യത്തിന്റെ പൂർവ്വചരിത്രത്തെ ഏറെക്കുറേ അദൃശ്യമാക്കി. ആൺ-പെൺബന്ധങ്ങളിലെ അധികാരവും അസമത്വവും പൊതുചർച്ചാവിഷയമെന്നനിലയ്ക്ക് 1950 കളുടെ ഒടുക്കത്തോടെ കേരളീയ പൊതുമണ്ഡലത്തിൽനിന്ന് തിരോധാനം ചെയ്തു തുടങ്ങിയെങ്കിലും, സാഹിത്യ പൊതുമണ്ഡലത്തിൽ അത് തുടർന്നും നിലനിന്നു. കെ. സരസ്വതിയമ്മ, ലളിതാംബികാ അന്തർജ്ജനം, മാധവിക്കുട്ടി എന്നിവരിലൂടെ അതിന് പുഷ്ടിയും ആന്തരിക വ്യത്യസ്തതയും സങ്കീർണ്ണതയും കൈവന്നു. ഈ ചരിത്രത്തെ അദൃശ്യമാക്കുക എന്ന ഫലമാണ് 1980 കളിലും തുടർന്നും നടന്ന പെണ്ണെഴുത്ത് സംവാദങ്ങൾ നേരിട്ടോ അല്ലാതെയോ ഉളവാക്കിയത്. കൂടാതെ, പെണ്ണെഴുത്തിന് കല്പിക്കപ്പെട്ട രാഷ്ട്രീയ പൂർണ്ണതയ്ക്കു മുമ്പിൽ മുൻപേ നടന്നവരുടെ രചനകൾ, പരിശ്രമങ്ങൾ, 'ഭാഗിക'മായി കാണപ്പെട്ടു.

രണ്ടാമതായി, എഴുത്തുകാരികൾ എങ്ങനെയെഴുതണമെന്ന് ഉപദേശിക്കുന്ന രീതി, അല്ലെങ്കിൽ അത്തരം നിർദ്ദേശത്തിന്റെ സൂചന, പെണ്ണെഴുത്ത് എന്ന സങ്കല്പത്തിൽ ലീനമായിരുന്നു. 'ലക്ഷണമൊത്ത കൃതികൾ' സൃഷ്ടിക്കാൻ തങ്ങൾ സന്നദ്ധരല്ലെന്നു പ്രഖ്യാപിച്ചുകൊണ്ട് പ്രതിഭയുള്ള നിരവധി എഴുത്തുകാരികൾ പെണ്ണെഴുത്തിനെ നിഷ്ക്കരുണം തള്ളിക്കളയുകയും ചെയ്തു. സ്ത്രീകൾ സാഹിത്യത്തെ സമീപിക്കേണ്ടതെങ്ങനെ എന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളെ എതിർത്തും തോൽപ്പിച്ചും എഴുതാൻ ശ്രമിച്ചവർക്ക് 'പുരോഗമന-വിമോചന ആട്ടിൻ തോലണിഞ്ഞു വന്ന മറ്റൊരു നിർദ്ദേശത്തെക്കുറിച്ച് സംശയം തോന്നിയതിൽ അതിശയകരമായി ഒന്നുംതന്നെയില്ല.



**കെ.ആർ.മീര**

# നേത്രോന്മീലനം

സ്നേഹം ഒരു കൺമിഴിക്കൽതന്നെയാണെന്ന് ഈ നോവൽ ചേതോഹരമായ ഭാഷയിൽ, ആഖ്യാനത്തിന്റെ മാന്ത്രികതയോടെ പറയുന്നു. അന്ധത ജീവശാസ്ത്രപരമായ ഒരു സത്യം മാത്രമല്ല, ജീവിതം അതിന്റെ തിമിരവേഗങ്ങളിലൂടെ നിർമ്മിച്ചെടുക്കുന്ന ഒരനുഭവതലം തന്നെയാണ്. മനുഷ്യർക്ക് പരസ്പരം വിനിമയം അസാദ്ധ്യമാകുന്ന ഏതവസ്ഥയിലും അന്ധത സംഭവിക്കുന്നു. ഈ നോവലിൽ സ്നേഹമാണ് കാഴ്ചയുടെ നിയമം. പുരുഷനു തന്നിലേക്കുതന്നെ കാഴ്ചനൽകുന്ന സ്ത്രീജന്മത്തിന് വാക്കുകൾ കൊണ്ട് ഒരു സ്മാരകം.

അവതാരിക: **ജെ.ദേവിക**

ISBN 978-81-226-1247-9

₹ 175.00

കറന്റ് ബുക്സ് തൃശൂർ